# ആധാരമെഴുത്തിലെ ആധിപത്യം

## ടി.കെ. പൊന്നാനി

ആലയിൽ ഇപ്പോൾ ജ്വാലയില്ല. കവിയുടെ പണിപ്പുരയിൽ മടവാളിന്റെയും വെട്ടുകത്തിയുടേയും നിർമ്മാണം നിലച്ചു. കളകൾ വെട്ടി മാറ്റാൻ ആ പഴയ ആയുധങ്ങൾക്കു പുതിയവയേക്കാൾ മൂർച്ചയേറെ.

കുലംകുത്തി ഒഴുകിയിരുന്ന നിള വറ്റി വരണ്ടിരിക്കുന്നു. വേഴാമ്പലുകൾ മഴ കാത്തു കഴിയുമ്പോളും മേഴത്തൂരിലും, ഈഴവത്തിരുത്തിയിലും വർഷപാതം. തണ്ണീർ തടാകങ്ങൾ നിറഞ്ഞുകവിയുന്നു. ചുറ്റും തളിർപ്പ്. തുമ്പയും തുളസിയും പരിസരമാതൃകപരിമളം പരത്തുന്നു.

വള്ളത്തോളും, നാലപ്പാടനും, കെ.സി.എസ്. പണിക്കരുമെല്ലാം ചേർന്നു നിളയ്ക്കു ചുറ്റും പടുത്തുയർത്തിയ സാംസ്ക്കാരിക ചൈതന്യത്തിന്റെ വർണ്ണപ്പൊലിമ ചിത്രകാരനായ എം.വി. ദേവൻ വാക്കുകളിൽ വരഞ്ഞുകാട്ടി. ഇടശ്ശേരി സ്മാരകമന്ദിരത്തിൽ കവിയുടെ ഛായാചിത്രം അനാവരണം ചെയ്തു സംസാരിക്കുകയായിരുന്നു ആ കലോപാസകൻ.

ഈ കൃത്യം നിർവ്വഹിക്കുവാൻ എന്നേക്കാൾ ആർക്കാ ണു അർഹത? ദേവന്റെ ചോദ്യം സദസ്സിനോടായിരുന്നു. എന്നിലുള്ള കലാകാരനെക്കുറിച്ചു കവിതയെഴുതിയ ഏക കവിയാണ് ഇടശ്ശേരി. ആധുനികതയുടെ തിളക്കമാർന്ന, എന്നും യൗവനം തുടിക്കുന്ന കവിതകളേ അദ്ദേഹം രചിച്ചിട്ടുള്ളു. പക്ഷേ അതു മനസ്സിലാക്കുവാൻ പലർക്കും വൈകി. ദേവൻ വാചാലനാവുകയായിരുന്നു. എല്ലാം ശ്രവിച്ചുകൊണ്ട് ചുമരിലെ ചിത്രത്തിൽ ചുണ്ടിൽ മുറിബീഡിയുമായി ശക്തിയുടെ കവി. തൊട്ടടുത്തുതന്നെ യാഥാസ്ഥിതിക ക്ഷേത്രങ്ങൾക്കു തീ കൊളുത്തുവാൻ പന്തമുയർത്തിയ ശക്തനായ വിപ്ലവകാരി വി.ടി.യും. ഏറെ സാമ്പത്തിക പരാധീനതയുള്ള എഴുത്തുകാരനായ ഒരു സുഹൃത്തിനെ സഹായിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് വി.ടി. ഇടശ്ശേരിക്കയച്ച എഴുത്തിന്റെ കാര്യം ഓർത്തു. "താങ്കൾ 250 രൂപ സഹായിക്കണം. സംഖ്യ അടുത്തമാസം ഞാൻ തിരിച്ചെത്തിക്കാം." കത്തിലെ അവസാന വാചകം. ഇടശ്ശേരി ഉടൻതന്നെ സംഖ്യ വിടിയ്ക്കു അയച്ചുകൊടുത്തു.

മാസം രണ്ടുകഴിഞ്ഞിട്ടും ഇടശ്ശേരിയ്ക്കു സംഖ്യ തിരിച്ചുകിട്ടിയില്ല. അദ്ദേഹം വി.ടി.ക്കൊരു റജിസ്തർ നോട്ടീസയച്ചു. പറഞ്ഞ അവധിയ്ക്കു പണം തരാത്തതിന്റെ പേരിൽ നിയമനടപടിയെടുക്കുമെന്നായിരുന്നു നോട്ടീസിന്റെ ഉള്ളടക്കം.

അടുത്തആഴ്ച 250 രൂപയുമായി വി.ടി.യുടെ മകൻ വാസുദേവൻ ഇടശ്ശേരിയുടെ വസതിയിലെത്തി. അന്നേദിവസം ഇടശ്ശേരി നിർബന്ധപൂർവ്വം വാസുദേവനെ പുത്തില്ലത്തുതന്നെ താമസിപ്പിച്ചു. പിറ്റേന്നു പുലർച്ചെ തൃശൂരിലേക്കുള്ള മുരുകൻ ബസ്സിൽ ഇടശ്ശേരിയും വാസുദേവനും പുറപ്പെട്ടു. മേഴത്തൂരിലെ സ്റ്റോപ്പിലിറങ്ങി 'വി.ടി.യുടെ വീട്ടി'ലേക്കു നടന്നു. ചാരുകസേരയിൽ വി.ടി പത്രം വായിച്ചു കിടപ്പുണ്ട്. നീണ്ട നമസ്ക്കാരം പറഞ്ഞു ഇടശ്ശേരി കയറിയിരുന്നു. വി.ടി. എഴുന്നേറ്റു നിന്നു ആശ്ലേഷിച്ചു. സൗഹൃദഭാഷണങ്ങളും കാപ്പികുടിയും കഴിഞ്ഞു പോക്കറ്റിൽനിന്നു 250 രൂപയെടുത്തു ചാരുകസേരയിൽ വച്ചുകൊണ്ട് ഇടശ്ശേരി പറഞ്ഞു "ഇതെടുക്കണം. ഈ ഇരുന്നൂറ്റിഅമ്പത്". വി.ടി. മിഴിച്ചിരുന്നു. മുഖമൊന്നു തുടച്ചുകൊണ്ടു അദ്ദേഹം പറഞ്ഞു. "ഇടശ്ശേരി നോട്ടീസയച്ചതാണല്ലോ. അതുകൊണ്ടല്ലേ ഞാൻ സംഖ്യ ഉടൻ തിരിച്ചെത്തിച്ചത്."

''സുഹൃത്തിനെ സഹായിക്കാൻ ആവശ്യപ്പെട്ടുകൊണ്ടയച്ച എഴുത്തിൽ അടുത്തമാസം സംഖ്യ തിരിച്ചെത്തിക്കാമെന്നു എന്തിനാണ് താങ്കൾ എഴുതിയത്. എന്റെ തൊഴിലും ഒന്നറിയണമല്ലോ" രസിക സദനത്തിന്റെ പൂമുഖത്തു കൂട്ടച്ചിരി മുഴങ്ങി. മുറ്റത്തെ പിച്ചകമുല്ല കോടമഞ്ഞിൽ പുളകം കൊണ്ടു.

അമ്മാമന്റെ സഹായത്തോടെ ഇടശ്ശേരി ആലപ്പുഴയിലാണു ആദ്യമായി ആധാരമെഴുത്തു പരിശീലിച്ചു തുടങ്ങിയത്. വക്കീലിന്റെ വീട്ടിൽ ആശ്രിതനായി കഴിഞ്ഞു കൂടുകയായിരുന്നു. ഒരു ദിവസം കുളികഴിഞ്ഞു മടങ്ങിയപ്പോൾ സമയം ഒമ്പതു കഴിഞ്ഞു. വക്കീൽ അല്പം അരിശപ്പെട്ടു വൈകുന്നേരം ഇടശ്ശേരി അദ്ദേഹത്തോടു പറഞ്ഞു. “അമ്മയുടെ എഴുത്തുവന്നിട്ടുണ്ട്. ഇന്നുതന്നെ പോകണം.” ബോട്ടിൽ പുറപ്പെട്ടു.

പൊന്നാനിയിലെത്തി അറിയാവുന്ന ജോലി ചെയ്യാനൊരിടം കണ്ടെത്തി. വക്കീൽ കെ.വി. രാമൻ മേനോന്റെ ഗുമസ്തൻ പരുത്തുള്ളി കേശവമേനോന്റെ മേശയ്ക്കടുത്തുതന്നെ ഇരുന്നു. വക്കീൽ അച്യുതൻ നായരുടെ ഗുമസ്തനും സഹൃദയനുമായിരുന്ന എണ്ണാഴിയിൽ നാരായണനോടൊപ്പമായിരുന്നു താമസം. അനുജൻ രാമൻ മാസ്റ്ററും ഇടശ്ശേരിയ്ക്കു കൂട്ടിനുണ്ടാകും.

ആധാരമെഴുത്തിനോടൊപ്പം സാഹിത്യരചനയും നടന്നു. പ്രതിഭാശാലികളും സാഹിത്യാസ്വാദകരും ഒഴിവുസമയങ്ങളിലെല്ലാം ഇടശ്ശേരിയോടൊപ്പമുണ്ടാകും. പുത്തില്ലത്തുവച്ചു നടന്നിരുന്ന സാഹിത്യസദസ്സിലൂടെ പരിചയപ്പെട്ട ജാനകിഅമ്മ ജീവിതസഖിയുമായി.

സമയനിഷ്ഠയുടെ കാര്യത്തിൽ ഇടശ്ശേരി കണിശക്കാരനായിരുന്നു. രാവിലേയും വൈകുന്നേരവും ആ മുളങ്കാൽ കുടയും ചൂടി മെയിൻ റോഡിലൂടെ അദ്ദേഹം കടന്നുപോകുമ്പോൾ ആളുകൾക്കു സമയം കണക്കാക്കാൻ എളുപ്പമായിരുന്നു.

കോടതിയിൽ കെട്ടിവെക്കാൻ കക്ഷിയേൽപ്പിച്ച സംഖ്യയുമായി ബസ്സിൽ വരുമ്പോൾ വക്കീൽഗുമസ്തൻ ശങ്കരക്കുറുപ്പിന്റെ പോക്കറ്റടിച്ചു. പ്രാരാബ്ധക്കാരനായ കുറുപ്പ് കലങ്ങിയ കണ്ണുകളുമായി കയറിവന്നപ്പോൾ വാക്കുകൾ കൊണ്ട് സമാശ്വസിപ്പിക്കാനേ തുച്ഛവരുമാനക്കാരായ സഹപ്രവർത്തകർക്കു കഴിഞ്ഞുള്ളൂ. ഇടശ്ശേരി മെല്ലെ പുറത്തിറങ്ങി. സുഹൃത്തായ ഒരു കച്ചവടക്കാരനിൽ നിന്നു പണം കടംവാങ്ങി കോടതിയിൽ കൊണ്ടുപോയി അടക്കുവാൻ കുറുപ്പിനെ ഏല്പിച്ചു. അടുത്തറിയുന്നവരുടെ കണ്ണീരൊപ്പാൻ ഇടശ്ശേരി എപ്പോഴും രംഗത്തുണ്ടാകും. കരുത്തുറ്റ ആ മനുഷ്യസ്നേഹിയുടെ സാമീപ്യം സഹപ്രവർത്തകർ അമൂല്യസമ്പാദ്യമായി കരുതിയിരുന്നു.

സത്യസന്ധതയുടെ കാര്യത്തിൽ ഇടശ്ശേരിയ്ക്കു വിട്ടുവീഴ്ചയില്ല. ശത്രുവിനോടുള്ള പകവീട്ടാൻ രേഖയില്ലാതെ തന്നുതീർത്ത കടത്തിന്നു വീണ്ടും നോട്ടീസയപ്പിക്കാൻ ഒരാൾ ഇടശ്ശേരിയുടെ അടുക്കൽ വന്നു. മാന്യനായ ആ മനുഷ്യന്റെ വാക്കുകൾ വിശ്വസിച്ചു നോട്ടീസ് തയ്യാറാക്കി. അതു കക്ഷിയെ വായിച്ചുകേൾപ്പിച്ചു. എതിരാളിയെ പാഠംപഠിപ്പാക്കമെന്നുള്ള സന്തോഷത്താൽ അയാൾ ഉള്ളുതുറന്നു പറഞ്ഞു. സംഗതി വാസ്തവവിരുദ്ധമെന്നു മനസ്സിലായപ്പോൾ ഇടശ്ശേരി ആ കടലാസ് ചുരുട്ടി കക്ഷിയുടെ മുഖത്തേക്കു ഓരേറ്. ഒരാട്ടും.

മറ്റൊരാൾ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന കേസ്സിന്റെ കടലാസുകൾ എന്തെങ്കിലും അതൃപ്തിമൂലം അയാളിൽ നിന്നു തിരിച്ചുവാങ്ങി ഇടശ്ശേരിയെ ഏല്പിക്കാൻ തുനിഞ്ഞാൽ അദ്ദേഹം ഒരിക്കലും സ്വീകരിക്കുകയില്ല. ഭൂമി അളവിന്റെ കാര്യത്തിൽ പോലും മറ്റൊരാൾ അളന്നു ഭൂമി പുനഃപരിശോധിക്കാൻ എത്രതന്നെ നിർബ്ബന്ധിച്ചാലും അദ്ദേഹം ഒഴിഞ്ഞുമാറുകയേ ഉള്ളൂ.

ആധാരം പൂർണ്ണമായി എഴുതിത്തീർക്കുന്നതിനുമുമ്പ് വെള്ളക്കടലാസിൽ വേണ്ട ഇടങ്ങളിലെല്ലാം കക്ഷിയെക്കൊണ്ട് ഒപ്പ് വെപ്പിക്കുന്ന പതിവുണ്ട്. വ്യവസ്ഥകളും നിബന്ധനകളുമെല്ലാം പിന്നീടായിരിക്കും എഴുതിച്ചേർക്കുന്നത്. സൗകര്യം നോക്കിയുള്ള ഒരുതരം അഡ്ജസ്റ്റ്മെന്റാണിത്.

പക്ഷെ ഇടശ്ശേരി ഇതിൽ നിന്നു വ്യത്യസ്തനായിരുന്നു. എല്ലാം പൂർണ്ണമായി മുദ്രക്കടലാസിൽ എഴുതിക്കഴിഞ്ഞശേഷമേ അദ്ദേഹം കക്ഷിയോടു

ഒപ്പ് വെക്കാൻ പറയാറുള്ളു. ബ്ലാങ്ക് പേപ്പറിൽ ഒപ്പിടാൻ കക്ഷി സന്നദ്ധനായാൽ പോലും അദ്ദേഹമതു സമ്മതിച്ചിരുന്നില്ല.

ഇടശ്ശേരി കൈകാര്യം ചെയ്തിരുന്ന കേസ്സുകളുടെ വിധി പറഞ്ഞു കഴിഞ്ഞാൽ ബന്ധപ്പെട്ട ആധാരങ്ങളെല്ലാം തന്നെ അദ്ദേഹം കക്ഷിയെ തിരിച്ചേൽപ്പിക്കും. പലപ്പോഴും കക്ഷിയുടെ ആധാരങ്ങളത്രയും വക്കീൽ ഗുമസ്തൻ തന്നെ കൈവശം വെക്കുകയാണു പതിവ്. മറ്റൊരാവശ്യം ഉണ്ടാകുന്നതുവരെ. പക്ഷെ ഇടശ്ശേരി കേസ് കഴിഞ്ഞാൽ ഉടൻ തന്നെ ആധാരവും ബന്ധപ്പെട്ട രേഖകളും തിരിച്ചുകൊണ്ടുപോകുവാൻ കക്ഷിയെ നിർബ്ബന്ധിക്കുകയാണ് ചെയ്യാറ്. തിരിച്ചുവാങ്ങാൻ വൈകിയാൽ ശുണ്ഠിയെടുക്കാനും മടിക്കാറില്ല.

വക്കീൽ കെ.വി. രാമൻമേനോന്റെ നിര്യാണശേഷം അഡ്വ. എം. അബ്ദുറഹിമാന്റെ കൂടെയായിരുന്നു ഇടശ്ശേരി. ജോലിയിൽ ശുഷ്ക്കാന്തിയും, ആത്മാർത്ഥതയുമുണ്ടായിരുന്ന ഇടശ്ശേരിയോടൊപ്പം വക്കീൽ മുറിയിൽ ചെലവിട്ട നാളുകൾ ആഹ്ലാദത്തോടും അതിലുപരി അഭിമാനത്തോടും കൂടിയാണു അബ്ദുറഹിമാൻ അനുസ്മരിക്കുന്നത്.

ഒന്നിച്ചിറങ്ങാൻ വേണ്ടി അന്നു വൈകുന്നേരവും അന്യായവും പട്ടികയും തയ്യാറാക്കാൻ സഹപ്രവർത്തകനായ ശങ്കരമേനോനെ ഏറെ നേരം സഹായിച്ചു സൊറ പറഞ്ഞു നടന്നു പോകുമ്പോൾ മുട്ടുകാലിലെ വേദനയുമായി ബന്ധപ്പെടുത്തി ഗുമ്സതപ്പണി തുടർന്നുപോകുന്നതിലുള്ള വൈഷമ്യം സൂചിപ്പിച്ചു. “എന്റെ ശീട്ട് ചീന്തുന്നതു നിങ്ങളാരും അറിയില്ലെ”ന്നു പറഞ്ഞാണു ഇടശ്ശേരി പിരിഞ്ഞത്. പിറ്റേന്നു ദുഃഖസൂചകമായി കോടതി കൂടിയില്ല. നൂറ്റാണ്ട് പഴക്കമുള്ള കെട്ടിടത്തിനു മുമ്പിൽ പടർന്നു പന്തലിച്ചു നിന്നിരുന്ന അരയാൽ മറിഞ്ഞു വീഴുകയും ചെയ്തു.